പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3310 18/02/2013-ൽ മറുപടിക്ക്

അവശതയനുഭവിക്കുന്ന കലാകാരൻമാർക്ക് പെൻഷൻ

ചോദ്യം

ശ്രീ. ജെയിംസ് മാത്യു

മറുപടി

ശ്രീ.കെ.സി.ജോസഫ്

ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ അവശതയനുഭവിക്കുന്ന കലാകാരൻമാർക്കുള്ള പെൻഷൻ വർദ്ധിപ്പിക്കുമെന്നും, അത് 2012-ഏപ്രിൽ മുതൽ ലഭ്യമാക്കുമെന്നും നിയമസഭയിൽ ഉറപ്പ് നൽകിയിട്ടുണ്ടോ; | എ) | കലാകാര പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |
| ബി) | കേന്ദ്രസർക്കാർ കലാകാരപെൻഷനായി എത്ര രൂപയാണ് നൽകിവരുന്നത്; വ്യക്തമാക്കുമോ; | ബി) | കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും പ്രതിമാസം 3500/- രൂപ , 500/- രൂപ എന്നിങ്ങനെ വിഹിതം വഹിച്ച് പ്രതിമാസം 4000/- രൂപ പെൻഷൻ നൽകുന്നുണ്ട്.സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്നതും നേരിട്ടും ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് കേന്ദ്രസർക്കാർ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും തുടർന്ന് സംസ്ഥാന സർക്കാർ സംസ്ഥാന വിഹിതം വിതരണം ചെയ്യുകയുമാണ് ചെയ്യുന്നത്. |
| സി) | സംസ്ഥാന സർക്കാർ എന്ന് മുതലാണ് വർദ്ധിപ്പിച്ച പെൻഷൻ നൽകിതുടങ്ങിയത്; ഇതുവരെ എത്ര പേർക്ക് പെൻഷൻ നൽകുവാൻ സാധിച്ചു; വെളിപ്പെടുത്തുമോ? | സി) | 2007 ആഗസ്റ്റ് മുതലാണ് വർധിപ്പിച്ച പെൻഷൻ ( പ്രതിമാസം 550/-രൂപ) നൽകിതുടങ്ങിയത്. 2013 ഫെബ്രുവരിയിലെ കണക്കനുസരിച്ച് 2601 കലാകാരന്മാർക്ക് ഈ പെൻഷൻ നൽകുന്നുണ്ട്. |

Sheela M

സെക്ഷൻ ഓഫീസർ